പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 789 24.07.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ കീഴിലുള്ള ബസ്സുകൾക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ :<br>" സി. ദിവാകരൻ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള സർവ്വീസ് യോഗ്യമായ എല്ലാ ബസ്സുകൾക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള സർവ്വീസ് യോഗ്യമായ എല്ലാ ബസ്സുകൾക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.<br>എന്നാൽ നിലവിൽ കോർപ്പറേഷന്റെ 3772 ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br>അതായത് കെ.എസ്.ആർ.ടി.സി. യുടെ മൊത്തം 5,823 ബസ്സുകളിൽ 3,472 ബസ്സുകൾക്കും, JnNURM പദ്ധതി പ്രകാരമുള്ള 300 ബസ്സുകൾക്കും, യാത്രക്കാർക്കും (ഡ്രൈവർ, കണ്ടക്ടർ ഉൾപ്പെടെ) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര ബസ്സുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്; | | |
| (സി) | എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനും ഇൻഷ്വർ ചെയ്ത കമ്പനിയുടെ പേര് ബസ്സുകളിൽ പ്രദർശിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കുന്ന എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് എടുക്കുന്നുണ്ട്. ഇൻഷ്വർ ചെയ്ത കമ്പനിയുടെ പേര് ബസ്സുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ യൂണിറ്റ് ഓഫീസർമാർക്കും, വർക്ക്ഷോപ്പ് അധികാരികൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ